(സി) അവയിൽ എത്ര ഇനം തിരിയെ അടച്ചു ;

(ഡി) ഈ സാമ്പത്തികവർഷം എന്തെങ്കിലും ഇനം സംഖ്യകൂടി കൂടം കൊടുത്തിട്ടുണ്ടോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) പുതിയ സ്കീം അനുസരിച്ചു രജിസ്റ്റർ ചെയ്തിട്ടുള്ള 42 തൊഴിൽ സഹകരണസംഘങ്ങൾ ഇപ്പോഴുണ്ട്.

(ബി) അവയിൽ 35 സഹകരണസംഘങ്ങൾക്ക് കേരളാസ്റ്റോറ സഹകരണബാങ്കിൽനിന്നും 4,57,922 രൂപ മൻകൂറായി കൊടുത്തിട്ടുണ്ട്.

(സി) അതിൽനിന്നും 1,31,650 രൂപ തിരിയെ അടച്ചിട്ടുണ്ട്.

(ഡി) ഇല്ല.

ശ്രീ. എം. സി. എബ്രഹാം : ഈ തൊഴിൽ സഹകരണസംഘങ്ങൾ ചെത്തുതൊഴിലാളി സഹകരണസംഘങ്ങളിൽ പെടുകയില്ല ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇല്ല. അല്ല് വേറെ ഒരു ഭാഗമാണ്.

ശ്രീ. സി. എ. മാത്യു : ഈ കൊല്ലത്തിനുള്ളിൽ തിരിയെ അടയ്ക്കുന്ന സംഖ്യ മുഴുവൻ അടച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഓരോ ജോലിയും തീരുമ്പോൾ അതിനു വേണ്ടി കൊടുത്തിട്ടുള്ള സംഖ്യ തിരിച്ചടയ്ക്കണമെന്നുള്ളതാണ് സ്കീം.

ശ്രീ. സി. എ. മാത്യു : അടയ്ക്കുന്ന സംഖ്യ മുഴുവൻ തിരിയെ ഈ സംഘങ്ങൾ അടച്ചുകഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ജോലി തീരുമ്പോൾ മുഴുവൻ സംഖ്യയും തിരിയെ അടയ്ക്കുന്നതാണ്.

ശ്രീ. പി. ടി. ചാക്കോ : ജോലി ഒരിക്കലും തീർന്നില്ലെങ്കിൽ സംഖ്യ തിരിച്ചു അടയ്ക്കുണ്ടോ എന്നുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ജോലി അവസാനിപ്പിക്കുവാൻ നടപടി കൈക്കൊണ്ടുകൊണ്ടിരിക്കുകയാണ്.

പ്രൈവറ്റ് സെക്കൻഡറി സ്കൂൾ ഫീസ് പരിഷ്കരണം.

* 1364. [15] ശ്രീമതി കുസുമം ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) പ്രൈവറ്റ് സെക്കൻഡറി സ്കൂൾ ഫീസ് പരിഷ്കരണം മുഴുവനും കേരിയിൽ കൊണ്ടുവരുന്ന രീതി സ്വീകരിച്ചതു മൂലം 1958 ഒക്ടോബർ മുതൽ സെക്കൻഡറിസ്കൂൾ അധ്യാപകന്മാരുടെ പ്രൊവിഡൻറ് ഫണ്ട് പദ്ധതി നിശ്ചേഷ്ടമായിരിക്കുന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രൈവറ്റ് അധ്യാപകന്മാരുടെ വാർദ്ധക്യകാലവേതനമായ പ്രസ്തുത പ്രൊവിഡൻറ് ഫണ്ട് പദ്ധതി പുനരുജ്ജീവിപ്പിക്കാൻ ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രൊവിഡൻറ് ഫണ്ട് പദ്ധതി നടപ്പിൽവരുത്താത്ത സ്കൂളുകളിലെ അധ്യാപകർക്ക് വാർദ്ധക്യകാലവേതനമായി പെൻഷൻ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നു.

ശ്രീമതി കുസുമം ജോസഫ്: തപ്രൈവറ്റ് സ്കൂളിലെ ഫീസ് പിരിവു മുഴുവൻ ഷെഡ്യൂൾഡ് ബാങ്കിൽ അടയ്ക്കണമെന്നുള്ള പദ്ധതി നടപ്പായതിനു ശേഷം മാനേജ്മെന്റ് അവരുടെ വിഹിതം അടയ്ക്കാതെകൊണ്ട് പ്രൊവിഡന്റ് പദ്ധതി നടപ്പിൽ വന്നിട്ടില്ലെന്നു അറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: "ഇല്ല" എന്നു ഉത്തരം പറഞ്ഞു കഴിഞ്ഞു.

ശ്രീമതി കുസുമം ജോസഫ്: തപ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാരുടെ പ്രൊവിഡന്റ് ഫണ്ടിലേക്ക് മാനേജ്മെന്റിന്റെ വിഹിതം അടയ്ക്കുന്നില്ല എന്ന വസ്തുതയെക്കുറിച്ചു ഗവണ്മെന്റ് അന്വേഷിക്കുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അന്വേഷിക്കാം.

ശ്രീ. പി. ടി. ചാക്കോ: പ്രൊവിഡന്റ് ഫണ്ട് പദ്ധതി നിശ്ചേഷ്ടമായിരിക്കുന്ന വസ്തുത ഇത്രകാലമായിട്ടും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടാതിരിക്കാൻ വല്ല കാരണവും ഉണ്ടോ; അതിനെ സംബന്ധിച്ച് പാർലമെന്റിൽ ആക്ഷേപം ഉണ്ടായിട്ടുണ്ടോ: നിയമസഭയിൽ ചോദ്യങ്ങൾ ഉണ്ടായിട്ടുണ്ട്, എന്നിട്ടും അതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വരാതിരിക്കുവാൻ കാരണമെന്താണ്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ പ്രസ്താവന ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലെങ്കിലും ഈ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെക്കുറിച്ചു നടപടികൾ എടുക്കുന്നുണ്ട്.

ശ്രീ. പി. ടി. ചാക്കോ: ഈ നിയമസഭയിൽ ഇതിനെ സംബന്ധിച്ച് ചോദ്യങ്ങൾ ഉണ്ടായിട്ടും അതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നാണോ പറയുന്നതു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അതിനെക്കുറിച്ചു നടപടികൾ എടുക്കുന്നുണ്ടെന്നുമാണു പറഞ്ഞതു.

ശ്രീ. പി. ടി. ചാക്കോ: അതിനെ സംബന്ധിച്ചു നടപടി എടുക്കുകയാണെങ്കിൽ അദ്ധ്യാപകന്മാരുടെ പ്രൊവിഡന്റ് പദ്ധതി നിശ്ചേഷ്ടമായിരിക്കുന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നു പറയുവാൻ കാരണമെന്താണ്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പദ്ധതി നിശ്ചേഷ്ടമായിട്ടുള്ള വസ്തുത [illegible] യുകയില്ലെന്നാണു പറഞ്ഞതു.

ശ്രീ. എം. നാരായണക്കുറുപ്പ്: അദ്ധ്യാപകന്റെ ചാർട്ടർ എന്നു പറയുന്ന വിദ്യാഭ്യാസ അക്ടിന്റെ അടിസ്ഥാനത്തിൽ റൂളുകൾ ഉണ്ടാക്കിയപ്പോൾ അദ്ധ്യാപകന്മാരെ പ്രധാനമായി ബാധിക്കുന്ന പെൻഷനെ സംബന്ധിച്ചുള്ള കാര്യം അതിൽ വരാതിരിക്കുവാൻ കാരണം എന്താണെന്നു പറയുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതിനെപ്പറ്റിയുള്ള ചർച്ചകൾ പൂർത്തിയായിട്ടില്ല. ചർച്ചകൾ കഴിഞ്ഞിട്ടേ അതിനെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ റൂളിൽ ചേർക്കുവാൻ പാടുള്ളൂ.

ശ്രീ. കെ. അബ്ദുൽഖാദർ ഹാജി: മാനേജ്മെന്റിന്റെ വിഹിതം അടയ്ക്കാതെകൊണ്ട് അദ്ധ്യാപകന്മാരുടെ പ്രൊവിഡന്റ് ഫണ്ട് പദ്ധതി നിശ്ചേഷ്ടമായിരിക്കുന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നു ചോദിച്ചതിനു അതിനുശേഷം എന്നു പറഞ്ഞു. മലബാർ ഡിസ്ട്രിക്റ്റ് ബോർഡു മാനേജ്മെന്റ് എന്ന നിലയ്ക്ക് അടയ്ക്കുണ്ട സംഖ്യ കൊടുക്കേണ്ട എന്നു പറഞ്ഞിട്ടുള്ളതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അറിയാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : എന്തടിസ്ഥാനത്തിലാണ് അതു അടയ്ക്കണ്ട എന്നു തീരുമാനിച്ചതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനെസംബന്ധിച്ചു് പല കാര്യങ്ങളും തീരുമാനിക്കാനുണ്ടു്. അതുകൊണ്ടാണു് അങ്ങനെ പറഞ്ഞതു്.

ശ്രീ. പി. ടി. ചാക്കോ : പ്രൈവറ്റ് സെക്കൻററി സ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യത്തിനുവേണ്ടി തയാറാക്കിയിട്ടുള്ള ഒരു പദ്ധതി മാനേജ്മെൻറിൽ നിന്നു് പണം കൊടുക്കാതിരുന്നതുകൊണ്ടു് ഇപ്പോഴും നിശ്ചേഷ്ടമായിരിക്കുകയാണോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പഴയ പദ്ധതി മാറി ഇപ്പോൾ പുതിയ പദ്ധതിയാണു്. ഉടനെ ഇതിനൊക്കെ പരിഹാരമുണ്ടാകും.

ശ്രീ. പി. ടി. ചാക്കോ : ഉടനെ പരിഹാരമുണ്ടാകുന്നതു് നല്ലതാണു്. പ്രൊവിഡൻറ് ഫണ്ടു് പദ്ധതിയിലേക്കു് മാനേജ്മെൻറ് പണം അടയ്ക്കാത്തതുകൊണ്ടു് ആ പദ്ധതി നിശ്ചേഷ്ടമായിരിക്കുന്ന വസ്തുത ഗവണ്മെൻറിനറിയാമോ എന്നു ചോദിച്ചപ്പോൾ അറിഞ്ഞുകൂടാ എന്നാണു മറുപടി പറഞ്ഞതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനെ സംബന്ധിച്ചു് പല അഡ്ജസ്റ്റ്മെൻറുകളും നടത്താനുണ്ടു്. പണം ഇതുതന്നെയായിരുന്നു പ്രതിവു്. ഇന്നത്തെ സ്ഥിതിക്കു് ഇതിനെ സംബന്ധിച്ചു് എന്തു നടപടികൾ എടുക്കണം എന്നു ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. ടി. ചാക്കോ : എല്ലാക്കാലത്തും ഈ പദ്ധതി നിശ്ചേഷ്ടമായിരുന്നോ എന്നാണു ചോദിക്കുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : മാനേജ്മെൻറിനെ സംബന്ധിച്ചിടത്തോളം നിശ്ചേഷ്ടമായിട്ടാണു് ഇരുന്നതു്.

ശ്രീ. പി. ടി. ചാക്കോ : പ്രൊവിഡൻറ് ഫണ്ടിനു് മാനേജ്മെൻറിൽ നിന്നും പണം കൊടുക്കുന്നില്ലെന്നു മന്ത്രി സമ്മതിച്ചു. അപ്പോൾ ആ പദ്ധതി നിശ്ചേഷ്ടമാണോ, ആ പദ്ധതി നടക്കുന്നില്ലേ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : എൻറെ അറിവു ശരിയാണെങ്കിൽ പ്രൊവിഡൻറ് ഫണ്ടിൽ മാനേജരന്മാർ കൊടുക്കാറില്ല, ഇപ്പോഴും കൊടുക്കാറില്ല. കഴിയുന്നതും അദ്ധ്യാപകർക്കു് നഷ്ടം വരാതിരിക്കാൻ ഈ വിഷയത്തിൽ, ഇന്നത്തെ പരിതസ്ഥിതിയിൽ എന്തു നടപടിയെടുക്കണമെന്നു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. ടി. ചാക്കോ : അപ്പോൾ എല്ലാക്കാലത്തും ആ പദ്ധതി നിശ്ചേഷ്ടമായിരുന്നു എന്നും മാനേജ്മെൻറ് പണം ഇപ്പോഴും പണം അടയ്ക്കാറില്ലെന്നും പറഞ്ഞിട്ടു പദ്ധതി നിശ്ചേഷ്ടമായിരിക്കുന്നതിനെപ്പറ്റി ഒന്നും അറിയാൻ പാടില്ലായെന്നു ഈ നിയമസഭയിൽ പറയാൻ എന്താണു കാരണം ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : നിശ്ചേഷ്ടമായിരിക്കുന്ന വസ്തുത അറിയാൻ പാടില്ല എന്നുമാത്രമേ പറഞ്ഞുള്ളൂ.

ശ്രീമതി കുസുമം ജോസഫ് : 1957-ൽ വിദ്യാഭ്യാസബില്ലിൽ നിയമസഭയിൽ ചർച്ചയുണ്ടായ വന്നവസരത്തിൽ പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്കും, ഗവണ്മെൻറ് സ്കൂൾ അദ്ധ്യാപകന്മാരുടേതുപോലെ ശമ്പളവും അലവൻസും ഏകീകരിക്കുന്നതാണെന്നും, അവരുടെ പെൻഷൻ പ്രൊവിഡൻറ് ഫണ്ടു് വ്യവസ്ഥകളും, സർവ്വീസുവ്യവസ്ഥകളും, ഇവ ഏകീകരിക്കുന്നതാണെന്നും വിദ്യാഭ്യാസമന്ത്രി വാഗ്ദാനം ചെയ്തിരുന്നു. അതു ഈ രൂപത്തിൽ ഉടനെക്കൊള്ളിക്കാം എന്നു

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായി പറഞ്ഞിരുന്നു. എന്നിട്ടും രണ്ടു കൊല്ലത്തിനുശേഷം പ്രസിദ്ധീകരിച്ച റൂളുകളിൽ അതിനുള്ള വ്യവസ്ഥകളും ഉൾപ്പെടുത്താതിരുന്നതു് എന്തുകൊണ്ടാണു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : നിയമം നടപ്പായില്ലല്ലോ നിയമം നടപ്പിലാക്കാൻ പോകുകയാണു്. ചില ചില വ്യവസ്ഥകളെ സംബന്ധിച്ചു് റൂളുകളും കാലേകൂട്ടി തയാറാക്കി. മറ്റു റൂളുകളും തയാറാക്കിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ടീച്ചേഴ്സ് പ്രൊവിഡൻറ് ഫണ്ടിൽ ടീച്ചേഴ്സും ഗവണ്മെൻറും ക്രമീയാണോ കോൺട്രിബ്യൂട്ട് ചെയ്യുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെയാണു് വ്യവസ്ഥ.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : അങ്ങനെയാണെങ്കിൽ മാനേജ്മെൻറുമാത്രം കോൺട്രിബ്യൂട്ട് ചെയ്താൽ ആ പദ്ധതി നിശ്ചേഷ്ടമാകാതിരിക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ശരിയായി കോൺട്രിബ്യൂട്ട് ചെയ്തില്ലെങ്കിൽ ആ പദ്ധതി അതരീതിയിൽ നിശ്ചേഷ്ടമാകും.

ശ്രീമതി കുസുമം ജോസഫ് : അദ്ധ്യാപകന്മാരുടെ പല അവകാശങ്ങളും നിഷേധിച്ചുകൊണ്ടുള്ള ഈ റൂളുകളിൽ ഈ ഗവണ്മെൻറ് എപ്പോഴെങ്കാണു് അദ്ധ്യാപകന്മാക്ക് ഗുണം വരുന്ന ഒരൊറ്റ വകുപ്പും ഉൾപ്പെടുത്താതിരുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതു പറഞ്ഞതിൽ ആദ്യത്തെ വാചകം ഞാൻ നിഷേധിക്കുകയാണു്. ഈ റൂളുകളും മറ്റും മുൻഗവണ്മെൻറുകളുടെ കാലത്തു് നിലവിലിരുന്നതാണു്.

ഡിസ്ട്രിക്റ്റ് മുൻസിഫ് കോടതികൾ.

* 1365. [16] ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ എത്ര ഡിസ്ട്രിക്റ്റ് മുൻസിഫ് കോടതികൾ ഉണ്ടു് ;

(ബി) എത്ര കോടതികളിൽ ശിരസ്തദാർന്മാരുടെ തസ്തികകളുണ്ടു് ;

(സി) തലശ്ശേരി ഡിസ്ട്രിക്റ്റ് മുൻസിഫ് കോടതിയിലെ ശിരസ്തദാർ തസ്തിക എടുത്തുകളഞ്ഞിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കാരണമെന്തു് ?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ) :

(എ) ഒൻപതു്.

(ബി) ഓരോ ഡിസ്ട്രിക്റ്റിലുമുള്ള ഡിസ്ട്രിക്റ്റ് മുൻസിഫ് കോടതികളിൽ ഉണ്ടു്. മലബാർ പ്രദേശത്തുള്ള മൂന്നു കോടതികളിൽനിന്നു ശിരസ്തദാർ തസ്തിക എടുത്തുകളഞ്ഞിട്ടുണ്ടു്.

(സി) തലശ്ശേരിയിൽ മാത്രമല്ല, മേൽപറഞ്ഞ മൂന്നു ശിരസ്തദാരന്മാരുടെ തസ്തിക എടുത്തുകളഞ്ഞിട്ടുണ്ടു്.

(ഡി) ഡിസ്ട്രിക്റ്റ് മുൻസിഫ് കോടതിയിൽ ഒരു ഹെഡ് ക്ലാർക്ക് മാത്രമേ അവശ്യമുള്ളു. ശിരസ്തദാരുടെ തസ്തിക ഇപ്പോൾ അവശ്യമില്ലാ എന്നു ഗവണ്മെൻറിനു് ബോദ്ധ്യപ്പെട്ടതുകൊണ്ടാണു് വേണ്ടെന്നു വച്ചതു്. ഇപ്പോൾ ഹെഡ് ക്ലാർക്കിൻറെ ശമ്പളസ്കെയിൽ വർദ്ധിപ്പിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly